# കരളിന്റെ കഷ്ണങ്ങൾ

● ഫൈസൽ അബൂബക്കർ

കരളിന്റെ പെരുപ്പം ഞാനാദ്യമറിഞ്ഞത്
അമ്മിഞ്ഞപ്പാലിന്റെ വെൺമയിൽ നിന്നാണ്.
ഒരുതുള്ളി മുലപ്പാലിന്റെ പരപ്പാണാകാശമെന്ന്
പിന്നീട് വായിച്ചപ്പോൾ എനിക്കത് കൂടുതൽ മധുരതരമായി.

എത്ര കഷ്ണങ്ങൾ ചേർന്നതാണ് കരൾ
ഞാൻ അമ്മയോട് ചോദിച്ചു.
കൈവിരലുകൾ കൂട്ടി
കഞ്ഞിക്കലത്തിൽ അരിയിടുമ്പോൾ
അമ്മ തൊണ്ട നനച്ച് പറഞ്ഞു:
'അറിയില്ല, ഒന്നറിയാം
കരളിന്റെ ചൂടും ചൂരും ചോരയും ഞാനാണ്.'



എത്ര കഷ്ണങ്ങൾ ചേർന്നതാണ് കരൾ
ഞാൻ മകളോട് ചോദിച്ചു.
പിന്നിച്ചീന്തിയ നോട്ടു പുസ്തകത്തിൽ
അക്കങ്ങൾ കൂട്ടി
കൂട്ടാനാവാത്ത അക്കങ്ങൾക്കുമേൽ ഉത്തരം മുട്ടി
അവൾ പറഞ്ഞു:
'അറിയില്ല, ഒന്നോതാം
കരളിന്റെ കഷ്ണങ്ങളിൽ എന്നെയൊന്നാക്കണം
ഒന്നാമതാക്കണം'

എത്ര കഷ്ണങ്ങൾ ചേർന്നതാണ് കരൾ
ഞാൻ ഇണയോട് ചോദിച്ചു.
സുറുമക്കണ്ണുകൾ തുടച്ച്

വിരലുകൾ തട്ടത്തിൽ തട്ടിച്ച്
അവൾ പറഞ്ഞു:
'കരൾ കഷ്ണങ്ങളെ കൂട്ടാനാവില്ല
രണ്ട് കരളുകൾ കൂടിച്ചേർന്ന കടലാണത്.
അതിന്റെ ആഴത്തിൽനിന്ന്
നാം ഊളിയിട്ടെടുത്തതല്ലേ,
നമുക്ക് കിട്ടിയയീ നാലു കുഞ്ഞുമുത്തുകൾ'

എത്ര കഷ്ണങ്ങൾ ചേർന്നതാണ് കരൾ
ഞാൻ സമൂഹത്തോട് ചോദിച്ചു.
ദുഃഖം മേഞ്ഞ കുടിലുകളിൽനിന്ന്
ചേരി തിരിഞ്ഞ്, ചോര ചൊരിഞ്ഞ
ചേരികളിൽനിന്ന്
പശി കുത്തിനിറച്ച് വീർത്ത വയറുകളിൽനിന്ന്
സമൂഹം വിളിച്ചു പറഞ്ഞു:
'കരളുകൾ കൂട്ടിമുട്ടാതിരിക്കുമ്പോഴാണ്
ഭൂകമ്പമുണ്ടാകുന്നത്.
കരളുകൾ
തൊട്ടുരുമ്മിക്കളിയാടും കിളികളാകണം
ഒരു പാട്ടിൻ ശീലാകണം
ഒരു ധമനിപ്പുഴയാവണം
അതിന്റെ ഓളമാവണം
അതിലൊഴുകും കടത്തുതോണിയാവണം'
സമൂഹം കേണു കരഞ്ഞു പറഞ്ഞു:
'കരളിന് കഷ്ണങ്ങളില്ല
കുറെ കരളുകൾ മാത്രമേയുള്ളൂ....
അത് വേണം, അത് തരണം
ചോരയുള്ളത്....
മൂർച്ചയുള്ളത്.....
ചേർച്ചയുള്ളത്....'



# പട്ടം

• സോമൻ കടലൂർ

ഇനിയാണ് രസം.

വീടുകൾക്ക് മുകളിൽ
മരങ്ങൾക്ക് മീതെ
പറവകൾക്കും പർവതങ്ങൾക്കും ഉയരെ
എന്റെ ജൈത്രയാത്ര.

ഇപ്പോൾ
മുകിലുകൾക്കും മുകളിൽ.

യ്യോ!
പൊട്ടിപ്പോയ് രസച്ചരട്.

ഇനിയെങ്ങോട്ടാണ്
ഇനിയെങ്ങോട്ടാണ്?